ചെറുകഥ

# സ്വർണ്ണച്ചേന

കണക്കൂർ ആർ. സുരേഷ്കുമാർ

വീടിന്റെ പിന്നാമ്പുറത്തെ തോട്ടത്തിൽ നിന്ന അശോകന്റെയടുക്കൽ ശാരിക ഓടിക്കിതച്ചെത്തി.

''അവരെത്തി.''

ഉമ്മറത്ത് രണ്ടുപേർ ഉണ്ടായിരുന്നു. രണ്ട് വിചിത്ര ജീവികൾ. ചെറിയ മേശയ്ക്കരികിൽ ഗൃഹപാഠം ചെയ്തുകൊണ്ടിരുന്ന മകൾ ഭയന്നെഴുനേറ്റ് അകത്തേക്ക് ഓടിപ്പോയി. ആഗതരിൽ ഒരാൾ മൂക്കിൽ നിന്നും ചുഴറ്റിയെടുത്തിടുന്ന വൃത്തികേടുകൾ കണ്ടപ്പോൾ ശാരികയ്ക്ക് അറപ്പുതോന്നി. അയാളൊരു കറുമ്പൻ കുറ്റിമുടിക്കാരൻ. മറ്റെയാൾക്ക് വെളുത്ത നിറവും അസാമാന്യ ഉയരവും മെലിഞ്ഞ ദേഹവുമുണ്ട്. അത്തരം മനുഷ്യരെ മുമ്പു കണ്ട ഓർമ്മയില്ല അവൾക്ക്. അശോകൻ കഴിഞ്ഞ ദിവസമാണ് അവളോട് അവരെ കുറിച്ച് പറഞ്ഞത്. അതു പറയുമ്പോൾ അയാൾക്ക് വല്ലാത്ത പിരിമുറുക്കമുണ്ടായിരുന്നു.

ഒരു നല്ല കൃഷീവലൻ ആയിരുന്നു അശോകൻ. ഭൂമിയിൽ കഠിനമായി അധ്വാനിക്കും. പൊന്ന് വിളയിക്കും. ഭാര്യയേയും മകളേയും പൊന്നുപോലെ നോക്കും. ഒരാഴ്ച മുമ്പ് ചന്തയിൽ ചരക്കുവിറ്റ് മടങ്ങുമ്പോഴാണ് പഞ്ചായത്തു റോഡ് തുടങ്ങുന്ന ഇടത്തുവച്ച് ഒരാൾ അശോകനെ പരുക്കൻ സ്വരത്തിൽ 'അല്പം സംസാരിക്കണം' എന്നുപറഞ്ഞ് സമീപിച്ചത്.

''ഈ റോഡിന്റെ മൂന്നാം വളവിൽ ഇടതുവശത്ത് കാണുന്ന വീട് നിങ്ങടെയല്ലേ?''

അപ്രതീക്ഷിതമായ ചോദ്യമായതിനാൽ അശോകൻ വളവുകൾ എണ്ണി ഇടതും വലതും ഏതെന്ന് ആലോചിച്ചശേഷമാണ് അതെ എന്ന് മറുപടി പറഞ്ഞത്. അയാൾ അനുഭാവപൂർവ്വം ഒന്ന് ചിരിച്ചിട്ട് കുറ്റിത്തലയൊന്നിളക്കി. പിന്നെ ഇടതുവശത്തേക്ക് ചരിഞ്ഞ ഒരു നോട്ടം അയച്ചു. അപ്പോഴാണ് വഴിയരികിലെ പൊന്തയോട് ചേർന്ന് നിൽക്കുന്ന ഉയരമുള്ള മറ്റൊരു രൂപത്തെ അശോകൻ കണ്ടത്.

''ബാബാ... ഏയീ ഹേ ഹമാരാ ആദ്മി.'' കുറ്റിമുടി ഞരങ്ങി.

''ഇഥറാവോ....''

അശോകൻ കോലന്റെ മുന്നിലേക്ക് തികഞ്ഞ സംശയത്തോടെ നീങ്ങിനിന്നു.

''ഇസ്ക്കോ ബോലോ..''

''തനിക്ക് വിശ്വസിക്കാൻ പാടൊള്ള ഒരു കാര്യം പറയാം.'' കുറ്റിമുടിക്കാരൻ ഇടർച്ചയുള്ള സ്വരത്തിൽ തുടർന്നു– ''രഹസ്യാണ്. തന്റെ പറമ്പിൽ വിതിപ്രകാരം കെടക്കണ ഒരു നിതീണ്ട്. വളരെ വെലയൊള്ളൊരു നിതി.''

അയാൾ നിർത്തിയിട്ട് അശോകന്റെ മുഖഭാവങ്ങൾ വീക്ഷിക്കുവാൻ എന്നവണ്ണം നോക്കി. സംശയവും ചെറിയ ഭയവും ഒപ്പം കൗതുകവും ചേർന്ന ഒരു മുഖഭാവമായിരുന്നു അപ്പോൾ അശോകന്. ഇവരാര് ? കാപട്യക്കാരാണോ ? എന്തായിരിക്കും ഗൂഢോദ്ദേശം എന്നുതുടങ്ങി നൂറുകണക്കിന് സംശയങ്ങൾ അത്ര കുറഞ്ഞ സമയം കൊണ്ട് അയാളുടെ മനസ്സിൽ ഉടലെടുത്തു.

അപരിചിതൻ അശോകനോട് കാര്യങ്ങൾ വിവരിച്ചു. നാട്ടിൽ ഇങ്ങനെ നിധിവേട്ടക്കാരായ ധാരാളം സംഘങ്ങൾ ഉണ്ടത്രെ. അത്തരം ഒരു സംഘത്തിലെ അംഗങ്ങളാണ് എന്ന് അവർ സ്വയം

പരിചയപ്പെടുത്തി. അവരുടെ നേതാവ്  കർണ്ണാടകത്തിലുള്ള  സീഗാലിഖാൻ എന്ന ഉസ്താദ് ആണത്രെ. ചില പരീക്ഷണങ്ങളും പരിശോധനകളും നടത്തി അവർ ഭൂമി ഉള്ളിലൊളിപ്പിച്ച നിധികളെ അടയാളപ്പെടുത്തുന്നു. പിന്നെ ചില സൂത്രവിദ്യകൾ കൊണ്ട് അത് കണ്ടെടുക്കുന്നു.

''ഉസ്താദിന് പിഴയ്ക്കാറില്ല. എടം കണ്ടെത്തിയാപ്പിന്നെ അതിരിക്കുന്ന ഭൂമീടെ അവകാശികളെക്കൂടെ ഉൾപ്പെടുത്തി നിതി വീണ്ടെടുക്കുന്ന രീതിയാണ് ഉസ്താദ് സീഗാലിഖാന്റേത്.''

ന്യായമായ ഒരു വിഹിതം ഭൂമിയുടെ അവകാശികൾക്ക് ലഭിക്കും എന്ന് അയാൾ കൂട്ടിച്ചേർത്തു. ചില നിധിവേട്ടക്കാർ ഭൂവുടമ അറിയാതെ അതു കണ്ടെത്തി കൊണ്ടുപോകുമത്രെ. ചിലർ ഉടമയെ അപായപ്പെടുത്തുകയും ചെയ്യും. അശോകന്റെ ഭാഗ്യമാണ് ഉസ്താദ് സീഗാലിഖാന്റെ കണ്ണിൽ തന്നെ നിധി പെട്ടത് എന്നു കൂട്ടിച്ചേർക്കാൻ അയാൾ മറന്നില്ല.

നിധിവേട്ടക്കാരായ രണ്ട് അപരിചിതരുടെ മുന്നിൽ ചെറിയ ആശയക്കുഴപ്പങ്ങളോടെ അശോകൻ നിന്ന് അന്ധാളിച്ചു.

''വിശ്വാസമില്ലേ വേണ്ട. സഹകരിച്ചാൽ നിങ്ങക്കും നേട്ടോണ്ട്. ലക്ഷങ്ങള് കിട്ടും. നിങ്ങള് നല്ലോണ്ണം ആലോചിക്ക്. പിന്നെ  ഇതു മറ്റാരോടും പറേണ്ട. അത് അബത്തമാകും.. ഞങ്ങൾ ഇവിടൊക്കെത്തന്നെ കാണും.. '' അവർ അശോകനോട് യാത്ര പറയാതെ നടന്നു. അവർ വേഗത്തിൽ നടന്ന് അകലുന്നത് അയാൾ അനങ്ങാതെ നിന്ന് നോക്കി.  കാഴ്ചയിൽ നിന്നു മറഞ്ഞുകഴിഞ്ഞപ്പോൾ അശോകൻ  ചുറ്റും നോക്കി. ജർമന്റെ പലചരക്കുകടയിൽ ചിലർ നിൽക്കുന്നുണ്ട്. കുറച്ചുമാറി ബസ്സ്റ്റോപ്പിൽ ചിലർ വണ്ടിക്കായി കാത്തുനിൽക്കുന്നു. മൊയ്തീന്റെ മീൻതട്ട് കാലിയാണ്. ആരും അയാളെ ശ്രദ്ധിക്കുന്നില്ല.  സമാധാനം. അയാൾ മെല്ലെ വീട്ടിലേക്ക് നടന്നു. ഒരു വളവ്. പിന്നെയൊരു വളവ്. മൂന്നാം വളവ്. വീട് ഇടത്തോ വലത്തോ ? ഓർമ്മവച്ച കാലം മുതൽ നടക്കുന്ന വഴി. എന്നും കാണുന്ന വീട്. എന്നിട്ടും അയാൾ പുതിയ ഒരു സ്ഥലം കാണുന്ന മട്ടിൽ വീടിനെ തുറിച്ചു നോക്കി. പറമ്പിനെ അതിശയത്തോടെ നോക്കി.

അവർ പറഞ്ഞതൊക്കെ സത്യമാകുമോ ? അങ്ങിനെ ഒരു നിധി ഒളിഞ്ഞു കിടപ്പുണ്ടാവുമോ ? ഭാര്യ അയാളുടെ പിരിമുറുക്കം ശ്രദ്ധിച്ചു. പുന്നാരമകൾ അടുത്തെത്തി എന്തോ ചോദിച്ചിട്ടും അയാൾ പ്രതികരിച്ചില്ല.

''ചേട്ടനിത് എന്തുപറ്റി ?'' ശാരിക സംശയം മുറ്റിയ ശബ്ദത്തിൽ ചോദിച്ചു. ചന്തയിൽ നിന്ന് വന്നാലുടൻ കൊച്ചുവർത്തമാനവുമായി അയാൾ കൂടുന്നതാണ്. അവളോട് അയാൾ എല്ലാം അതേപടി പറഞ്ഞു.  അവൾ പരിഭ്രമിച്ചു.

രണ്ടാളും കൂടി തൊടിയിൽ ചെന്നു. തെങ്ങുകൾ തല ഉയർത്തി നിൽക്കുന്നു. ഇടയിൽ പല ഉയരത്തിൽ കൗങ്ങുകൾ. വാഴകൾ. പിന്നെ ചേന, ചേമ്പ്, കാച്ചിൽ വള്ളികൾ.. അങ്ങനെ വിഭിന്നങ്ങളായ വിളവുകൾ. ഒരോ വിളവിനേയും അശോകന് അറിയാം. പറമ്പിലെ ഓരോ ഇഞ്ച് സ്ഥലവും അറിയാം. അതിനിടെ എവിടെയാവും നിധിയുണ്ടവുക !

''പത്രത്തിൽ കണ്ടിട്ടില്ലേ.. ഓരോ കള്ളത്തരവുമായി ഇതുപോലെ ചിലര് ഇറങ്ങീട്ടൊണ്ട്. എന്തേലും ദുരുദ്ദേശങ്ങളൊണ്ടാവും അവർക്ക്. സൂക്ഷിക്കണം. നമുക്ക് ഇത്തരക്കാരുമായി ഒരു കച്ചവടോം വേണ്ട അശോകേട്ടാ..'' ശാരിക തന്റെ മതം പറഞ്ഞു. അവളാണ് പത്രം വായിക്കുന്നവൾ. അവക്കാണ് വിവരവും വിദ്യാഭ്യാസവും കൂടുതൽ. അശോകൻ കോളേജിൽ കയറിയെങ്കിലും പഠിച്ചില്ല. ശാരിക അങ്ങനെയല്ല. ഡിഗ്രിയുള്ളവളാണ്.

''അത് ശരിയാണ്.. പക്ഷെ..''

അശോകൻ പറഞ്ഞ ആ 'പക്ഷെ' വെറുതേയായിരുന്നില്ല. പഴയ തറവാട് പൊളിച്ചാണ് അയാളുടെ പിതാവ് വീട് വച്ചത്. അശോകൻ ചെറിയ കുട്ടിയായിരുന്നു. അന്ന് അടിത്തറയ്ക്ക് വാരം

തോണ്ടുമ്പോൾ പണിക്കാർ പറഞ്ഞ ഒരു കാര്യത്തിന്റെ നേരിയ ഓർമ്മ അയാൾക്കുണ്ട്. ഒരു നിധിയേ കുറിച്ചായിരുന്നു ആ പരാമർശം. പക്ഷെ കാര്യമായ വിവരങ്ങൾ ഒന്നും അയാൾക്ക് ഓർമ്മയില്ല.

''അവരോട് നമ്മൾ വളരെ സൂക്ഷിച്ച് ഇടപെട്ടാൽ പോരേ..'' അയാൾ ഒരു സാധ്യത ഭാര്യയോട് പറഞ്ഞു. അവൾ എതിർത്തു. ''അവർ ക്രിമിനലുകളായിരിക്കും. ചേട്ടനേപ്പോലെ ഒരു പാവത്തെ അവർ എളുപ്പം പറ്റിക്കും.''

പിന്നീടുള്ള ദിവസങ്ങളിൽ അയാൾ ചന്തയിലും ചുറ്റുവട്ടത്തും വളരെ കരുതലോടെയാണ് നീങ്ങിയത്. അവർ വന്നാൽ വിരട്ടിയോടിക്കണം എന്ന ഉറച്ച തീരുമാനം എടുത്തിരുന്നു. എങ്കിലും നിധിവേട്ടക്കാർ  സുഗമമായി അശോകനിലേക്ക് വീണ്ടും എത്തിച്ചേർന്നു. അവർ അയാളെ ചന്തയുടെ പിന്നിലുള്ള ഒറ്റവരി കെട്ടിടത്തിന്റെ പിന്നിലേക്ക് കൗശലത്തോടെ വലിച്ചുകൊണ്ടുപോയി. മാലിന്യങ്ങൾ കെട്ടികിടന്ന് ദുർഗന്ധപൂരിതമായ ഒരിടം ആയിരുന്നു അത്. അവിടെ പതുങ്ങിയിരുന്ന തീട്ടപ്പന്നികൾ അവരേ കണ്ട് ഇഷ്ടപ്പെടാത്ത മട്ടിൽ ശബ്ദമുയർത്തി.

''എടോ... ഭാഗ്യം അന്റെയടുക്കലെത്തി. ഫാര്യേടെ വാക്കുകേട്ട് വേണ്ട എന്ന് വെക്കല്ല്..'' അശോകൻ കുറ്റിത്തലക്കാരന്റെ വാക്കുകൾ കേട്ട് നടുങ്ങി. ശാരിക പറഞ്ഞത് ഇവരെങ്ങനെ അറിഞ്ഞു? ആഗതർ ചില്ലറക്കാരല്ല !

''യേ ദിഖാവോ..'' ഉയരമുള്ളയാൾ ഒരു വലിയ കടലാസിന്റെ ചുരുൾ നിവർത്തി അയാളെ കാണിച്ചു. അശോകന്റെ ഉയരത്തിനൊപ്പിച്ച് അയാൾ ആ കടലാസ് താഴ്ത്തിപ്പിടിച്ചിരുന്നു. റോഡുകളും പറമ്പുകളും വീടുകളും വിശദമായി അടയാളപ്പെടുത്തിയ ഒരു ഭൂചിത്രം.  അതിൽ തൊട്ടുകാണിച്ച് കുറ്റിമുടിക്കാരൻ തുടങ്ങി– ''ദേ.. ഇതാണന്റെ പറമ്പ്.. ഇവിടെ സ്വർണ്ണച്ചേനയായി നിതി ഒളിഞ്ഞിരിക്കുന്നു. ഉസ്താദിന് തെറ്റില്ല.''

''എനിക്ക് വിശ്വാസമില്ല... താത്പര്യമില്ല...'' അശോകൻ വിക്കി.  ചെളിക്കുണ്ടിലെ  പന്നികൾ വികൃതമായ ശബ്ദമുയർത്തി. ചീഞ്ഞ വാടയുമായെത്തിയ കാറ്റ് രഹസ്യമറിയാനെന്ന ഭാവത്തിൽ അവരെ ചുറ്റിപ്പറ്റി.

''കൊഴപ്പമില്ല... ഞങ്ങക്ക് പെരുത്ത വിശ്വാസോണ്ട്. നാളെ അവിടെ വരും. ചെല ചെറിയ ചടങ്ങുകളൊണ്ട്. കൃത്യം ഇടം കണ്ടെത്താൻ വേണ്ടി.'' അതുപറഞ്ഞിട്ട്  കുറ്റിമുടിക്കാരനും കൂട്ടാളിയും എങ്ങോട്ടോ മിന്നൽവേഗത്തിൽ കടന്നുകളഞ്ഞു.

അങ്ങിനെയാണ് ഞായറാഴ്ച പകൽ അവർ ഉമ്മറത്തെത്തിയത്. അശോകൻ അവരെ മാറിമാറി നോക്കി. അവർ കൊണ്ടുവന്ന വലിയൊരു സഞ്ചി തറയിൽ വായ തുറന്നിരിക്കുന്നുണ്ട്. അതിൽ നിന്ന് തല നീട്ടുന്നത് നിലം കുഴിക്കുവാനുള്ള ചില സാമഗ്രികളാണ്. അശോകൻ ശാരികയെ അങ്കലാപ്പ് മറയ്ക്കാതെ നോക്കി. അവളുടെ മുഖത്ത് നിറഞ്ഞ പരിഭ്രമം തെല്ലും കുറഞ്ഞിട്ടില്ല.

''ഏക്ക് ഗ്ലാസ്സ് ഗരം പാനി.'' ഉയരമുള്ളയാൾ ശാരികയെ നോക്കി ചിരിച്ചു. ''ബാബയ്ക്ക് ചൂടുചായ വേണം.. എനിക്കും'' എന്ന് കറുമ്പൻ കുറ്റിമുടിക്കാരൻ വിവർത്തനം ചെയ്തു..

പുറകെ അടുക്കളയിൽ ചെന്ന അശോകനോട് അവൾ ശബ്ദം കുറച്ച് കയർത്തു. അവരെ ഉടൻ ഇറക്കി വിടണം എന്ന് ആവശ്യപ്പെട്ടു. ''കള്ളമ്മാരാണ് അവർ. കണ്ടാല് ഒറ്റ നോട്ടത്തിൽ മനസ്സിലാവും.. എന്തെങ്കിലും ദുരുദ്ദേശം ഒണ്ടാവും അവമ്മാർക്ക്..''

''ഞാമ്പറഞ്ഞതാ...അവര് വിടാതെ പിടികൂടുകയാ..എനിക്ക് ഒന്നിനും പറ്റുന്നില്ല.''

വെള്ളവും കൊണ്ട് ചെല്ലുമ്പോൾ ഉയരമുള്ളയാൾ ഒരു പേപ്പർ നിവർത്തിപ്പിടിച്ച് അതിൽ തല പൂഴ്ത്തി ഇരിക്കുകയാണ്. അയാളുടെ വെളുത്ത വസ്ത്രങ്ങളിൽ പുരണ്ട അഴുക്കുകൾ കണ്ട് അവൾ അറച്ചു. അയാൾ തെല്ലുറക്കെ പ്രവചനരൂപത്തിൽ പ്രഖ്യാപിച്ചു. ''യേലോഗ് ബഹൂത്ത് ഖുശ്കിസ്മത്ത് വാലാ ഹേ..''

കുറ്റിമുടിക്കാരൻ അതിന്  തുടർച്ചയായി പറഞ്ഞു– ''ഒരു വലിയ ചേനേടെ അത്രേണ്ട് നിതി. മണ്ണിനടീല് നാലടി താഴെയാണ്. സെര്യായ എടം കണ്ടെത്താൻ ചെറിയ ചെല ചടങ്ങൊണ്ട്. രാത്രീലാണ് നടത്തേണ്ടത്. ഞങ്ങക്ക് ഇവിടെ രണ്ടു ദെവസം തങ്ങാൻ എടമൊണ്ടാക്കണം.''

''പറ്റില്ല...'' ശാരിക സ്വരമുയർത്തി. അവളുടെ മുഖം ചുവന്നിരുന്നു. അത്ര തീഷ്ണതയോടെ അവളുടെ സ്വരം മുമ്പൊരിക്കലും ഉയർന്നു കേട്ടിട്ടില്ല എന്ന് അശോകൻ അമ്പരപ്പോടെ ഓർത്തു.

വെളുമ്പൻ അവളെ സഹതാപത്തോടെ നോക്കി. ''ക്യായേ ബേട്ടീ... ക്യാ തക്ളീഫ്..''

''എറങ്ങിപ്പോടാ ഹിന്ദിക്കാരാ..'' അവൾ അയാളുടെ നേരെ തിരിഞ്ഞു.

''കൊച്ചേ... ചുമ്മാതിരി. ഇത് ഞങ്ങൾ ആദ്യമല്ല. ഞങ്ങക്ക് നിതി കണ്ടെത്താനൊക്കുവെങ്കില് അത് കൊണ്ടുപോവാനും അറിയാം. ലക്ഷങ്ങളുടെയല്ല അത്.. കോടികളാണ്.. കോടികൾ..''

ഞങ്ങൾക്ക് നിധി വേണ്ട. ലക്ഷങ്ങളും കോടികളും വേണ്ട. നിങ്ങൾ ഒന്ന് പോയിത്തന്നാമതി എന്നൊക്കെ അവൾ പറഞ്ഞു.  ഒരുപക്ഷെ അവൾ അവർക്കുമുന്നിൽ കരയുമെന്ന് തോന്നി.

''പെങ്ങളേ.. ആ സാറ് സമ്മയിച്ചതാണ്..''  അശോകനെ ചൂണ്ടി കറുമ്പൻ കുറ്റിമുടിക്കാരൻ തുടർന്നു– ''ഇനി പറ്റില്ല എന്നുപറഞ്ഞിട്ട് കാര്യമില്ല. അല്ലാതെ ഞങ്ങളെ ഓടിച്ചിട്ട് നിങ്ങക്ക് കുയ്ച്ചെടുത്ത് മുഴുവനും സ്വന്താക്കാനാണ് ഉദ്ദേശമെങ്കി നടക്കില്ല. അതല്ല ഞങ്ങള് പോയത്തരണം എങ്കിൽ ഉസ്താദ് പറയുന്നത്ര കായ് നഷ്ടപരിഹാരം തരേണ്ടിവരും.'' അയാളുടെ മുഖം കൂടുതൽ വികൃതമായിരുന്നു. അവൾ നിസ്സഹായതയോടെ അടുക്കളയിലേക്ക് പിൻവലിഞ്ഞു.

ഉമ്മറപ്പടിയിൽ അശോകൻ തല കുനിച്ചിരുന്നു. നിധിവേട്ടക്കാർ ശബ്ദം കുറച്ച് എന്തോ ദീർഘമായ ചർച്ചയിൽ മുഴുകി. അതുവഴി പരുങ്ങിയെത്തിയ ഒരു ഞായറാഴ്ചക്കാറ്റ് വാഴക്കൂട്ടത്തിലേക്ക് വഴിമാറി. അല്പനേരത്തേക്ക് ആ കാറ്റിന്റെ മൂളക്കം മാത്രമായിരുന്നു അവിടെ കേട്ടിരുന്നത്. അല്പദൂരെയുള്ള ഗേറ്റിൽ ഒരു സ്ക്കൂട്ടറിന്റെ ശബ്ദം. അശോകനും നിധിവേട്ടക്കാരും തെല്ലു പരിഭ്രമത്തോടെ ഗേറ്റിലേക്ക് നോക്കി. ഗേറ്റ് തള്ളിത്തുറന്ന് ഒരു സ്ക്കൂട്ടർ, ചെമ്പരത്തിയും പവിഴമല്ലിയും നന്ത്യാർവട്ടവും അടയ്ക്കാമരങ്ങളും അതിരിട്ട വഴിയിലൂടെ വീടിന് മുന്നിലെത്തി.

''ആരാണേലും ഞങ്ങളേക്കുറിച്ച് ഒന്നും പറേല്ല്.. പറഞ്ഞാൽ നിങ്ങക്ക് വളരെ മോസമായ ചെല അനുഭവങ്ങളൊണ്ടാകും.'' കുറ്റിമുടിക്കാരന്റെ ശബ്ദം അശോകന്റെ ചെവിയിൽ മുഴങ്ങി.

ശാരികയുടെ അമ്മാവനാണ് എത്തിയത്. അല്പം അകലെ താമസ്സിക്കുന്നയാൾ. ഒരു എക്സ് മിലിട്ടറി. വീട്ടിൽ ഇടയിലൊക്കെ വരുന്ന അഭ്യുദയകാംക്ഷി ആണെങ്കിലും  അനവസരത്തിലെ ആ വരവ് അശോകനെ പരിഭ്രമിച്ചു.

''ആരെടാ ഇവര്..?'' അദ്ദേഹം പതിവിൽ കവിഞ്ഞ ശബ്ദത്തിൽ ചോദിച്ചു. അശോകൻ പതറി. അമ്മാവൻ തുടർന്നു– ''എനിക്കെല്ലാം അറിയാം.. നിധി കുഴിച്ചെടുക്കാൻ വന്നേക്കുന്നു കള്ളന്മാര്..''

ഉമ്മറത്തേക്ക് കടന്നുവന്ന അദ്ദേഹം ''ഇറങ്ങിനെടാ വെളിയിൽ'' എന്ന് അക്രോശിച്ച് വെളുത്തു മെലിഞ്ഞ ആളുടെ പിടലി  പിടിച്ചുതള്ളി. തടയുവാൻ വന്ന കറുമ്പന്റെ മുഖം അടച്ച് ഒന്നുകൊടുത്തു.

വയസ്സ് അറുപത് ഉണ്ടെങ്കിലും നല്ല ആരോഗ്യമാണ് അദ്ദേഹത്തിന്. നിധിവേട്ടക്കാരുടെ സഞ്ചി അവർക്കു പുറമേ വായുവിൽ പറന്നു. കാഴ്ച കാണുവാൻ ശാരികയും മകളും ഓടിയെത്തിയെങ്കിലും ഉസ്താദിന്റെ ആളുകൾ കടന്നുകളഞ്ഞിരുന്നു.

''ഞാനാണ് അമ്മാവനോട് എല്ലാം പറഞ്ഞത്.. വിളിച്ചു വരുത്തിയതും.'' അവൾ ഉണർത്തിച്ചു. അശോകൻ ദീർഘനിശ്വാസത്തോടെ അവർ ഓടിയ വഴിയിലേക്ക് നോക്കി.

‘‘വല്യ ബുദ്ധിമാൻമാർ എന്നു ഭാവിക്കുന്ന മലയാളികളെ കബളിപ്പിക്കുവാൻ എളുപ്പമാണ് അശോകാ.. അതാണ് നിധി തുടങ്ങി പല പേരുകളിൽ നമ്മൾ ചതിക്കപ്പെടുന്നത്. തേക്ക്, മാഞ്ചിയം, ആട് തുടങ്ങി എത്ര വേലത്തരങ്ങൾ പണ്ട്  വന്നു... എന്നിട്ട് പഠിച്ചോ ? ഇന്നാള് പത്രത്തിൽ കണ്ടു. ഫെവിക്കോൾ കലർത്തിയ പഞ്ചസാരലായനികൊണ്ട് തേൻ ഉണ്ടാക്കി നാടോടികൾ നമുക്ക് വിൽക്കുന്നു.. വാങ്ങാൻ മണ്ടന്മാർ നമ്മളും. കള്ളമ്മാരാണ്  എവര്.. എവമ്മാരെ ശരിക്കും പോലീസിനെ കൊണ്ട് പിടിപ്പിക്കണമാരുന്നു.’’

അത്തരം കുറേ കഥകൾ പറഞ്ഞിരുന്ന് ചായ കുടിച്ചിട്ട് അമ്മാവൻ മടങ്ങി. ഇറങ്ങുന്നതിന് മുമ്പ് അമ്മാവൻ തിരിഞ്ഞുനിന്ന് പറഞ്ഞു– ‘‘അശോകാ.. കഠിനാധ്വാനം കൊണ്ട് മണ്ണിൽ നീ വിളയിച്ചെടുക്കുന്നില്ലേ... അതാണ് ശരിക്കുമുള്ള  നിധി.’’

അടുത്തൊരു ദിവസം  രാത്രി, ഉറക്കത്തിന്റെ ഏതോ ഘട്ടത്തിൽ ശാരിക ഉയർന്നത് പുറത്ത് ആരോ മണ്ണുവെട്ടുന്ന സ്വരം കേട്ടാണ്. നിധിവേട്ടക്കാരുടെ കാര്യം അവൾക്ക് ഓർമ്മ വന്നു. അവൾ ഞെട്ടിയുണർന്നു. അശോകനെ വിളിച്ചുണർത്തുവാൻ വേണ്ടി പരതി. അയാൾ കട്ടിലിൽ ഇല്ലായിരുന്നു. അവൾ ഇരുട്ടിൽ അലിഞ്ഞ ഒരു പ്രതിമ കണക്കെ അവിടെ തറഞ്ഞിരുന്നു.